പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5540 28.07.2015 - ൽ മറുപടിയ്ക്ക്

# അനാഥമന്ദിരങ്ങൾ

ചോദ്യം

ശ്രീമതി.ഇ.എസ്.ബിജിമോൾ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ അധീനതയിൽ എത്ര അനാഥാലയങ്ങൾ ഉണ്ട് ; വ്യക്തമാക്കാമോ ; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 1202 അനാഥാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. |
| (ബി) | മതസ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ, വ്യക്തികൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്നവ എത്ര ; | (ബി) | 1202 സ്ഥാപനങ്ങളും നടത്തുന്നത് എൻ ജി ഒ സംഘടനകളാണ്. |
| (സി) | അനാഥ മന്ദിരങ്ങൾ നടത്തുന്നതിന് നിലവിൽ ഏത് സ്ഥാപനമാണ് അംഗീകാരം നൽകുന്നത് ; | (സി) | ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്, കേരള. |
| (ഡി) | അനാഥ മന്ദിരങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ഡി) | (1) 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ.<br><br>(2) സംസ്ഥാനത്തിന് ഉള്ളിലുള്ള കുട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന ഓർഫൻ/നോൺ ഓർഫൻ സർട്ടിഫിക്കറ്റ്.<br><br>(3) മറ്റ് സംസ്ഥാന കുട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശുപാർശയും, ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസിന്റെ അനുമതിയും വേണം. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കുട്ടികളെ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ഇ) | ഇതര സംസ്ഥാന കുട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശുപാർശയും, ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസിന്റെ അനുമതിയും ആവശ്യമാണ്. |
| (എഫ്) | അനാഥ മന്ദിരങ്ങളിൽ അന്യ സംസ്ഥാനക്കാരായ എത്ര കുട്ടികൾ ഇപ്പോൾ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ? | (എഫ്) | അനാഥ മന്ദിരങ്ങളിൽ 1668 ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ പാർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ